"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ (MACT) സമർപ്പിക്കേണ്ട ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ, ഭിന്നശേഷി പുനഃപരിശോധനാ നടപടികൾ - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

സ.ഉ.(അച്ചടി) നം.64/2026/H&FWD തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. 24.11.2017-ലെ ജി.ഒ.(പി) നം. 72/2017/H&FWD
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 04.07.2025 -ലെ MH1/16062/2025 /DHS നമ്പർ കത്ത്.

**ഉത്തരവ്**

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ (MACT) മുൻപാകെ സമർപ്പിക്കപ്പെടേണ്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരുന്നു.

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ (MACT) നിന്നും ലഭ്യമാകുന്ന ഉത്തരവുകളിൽ, അപേക്ഷകനെ ഏത് ബോർഡാണ് പരിശോധിക്കേണ്ടതെന്ന കാര്യത്തിൽ വ്യക്തത ഉണ്ടാകാറില്ലെന്നും, ഇത് വകുപ്പിൽ വലിയ തോതിലുള്ള ആശയക്കുഴപ്പത്തിന് കാരണമാകുന്നുണ്ടെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. MACT ക്ലെയിമുകളിൽ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്ക് മാത്രമായി ട്രൈബ്യൂണലുകൾ ആവശ്യപ്പെടുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ 1989-ലെ 'കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ്, ചട്ടം 387 പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന

അപേക്ഷകളിൽ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേയ്ക്കായി, ആക്സിഡന്റിനെ തുടർന്നുണ്ടാകുന്ന വൈകല്യത്തിന്റെ നിലവാരവും വ്യാപ്തിയും വിലയിരുത്തുന്നതിവേണ്ടിയാണ് disability certificate-നായി ട്രൈബ്യൂണലുകൾ നിർദ്ദേശം പുറപ്പെടുവിക്കുന്നത്. ഇത് പൊതുവായ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള RPwD ആക്ട് 2016-ൽ നിന്നും വ്യത്യസ്തമാണ്. ഇപ്രകാരം ബന്ധപ്പെട്ട അതോറിറ്റി നൽകുന്ന സർട്ടിഫിക്കറ്റിന്മേൽ ആക്ഷേപമുള്ള പക്ഷം അത് ബഹു. ട്രിബ്യൂണൽ മുൻപാകെ ഉന്നയിച്ച് പരിഹാരം കാണേണ്ടതും ബഹു. ട്രിബ്യൂണൽ നിർദേശിക്കുന്ന പ്രകാരം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ (MACT) നിന്നും ഭിന്നശേഷി പുനഃപരിശോധനയ്ക്കായാണ് നിർദ്ദേശം നൽകുന്നത് എന്നതിനാൽ തന്നെ, അത് നിർവഹിക്കേണ്ട അതോറിറ്റി ആരായിരിക്കണമെന്ന് ബഹു. ട്രിബ്യൂണൽ പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലായെങ്കിൽപ്പോലും പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയ അധികാര സ്ഥാനത്തിനുതന്നെ, നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി അത് പുന:പരിശോധിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ കെ ജെ
അഡിഷണൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖക്കത്ത് സഹിതം).

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

എല്ലാ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകൾക്കും (ആരോഗ്യവകുപ്പ് ഡയറക്ടർ വഴി).

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗതാഗത വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി (HEALTH-G2/975/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Resmi K Nair
Date: 04-07-2026 16:51:28

സെക്ഷൻ ഓഫീസർ